(ബി) പോലീസ് കസ്റ്റഡിയിൽ എടുക്കുന്നതും അപകടത്തിൽപ്പെട്ട കസ്റ്റഡിയിൽ എടുക്കുന്നതുമായ വാഹനങ്ങൾ വടകര റെയിൽവേ സ്റ്റേഷനിലേക്കുള്ള റോഡിലും മറ്റും നിർത്തിയിട്ടിരിക്കുന്നതുമൂലം ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പിടിച്ചെടുത്ത വാഹനങ്ങൾ റെയിൽവെ സ്റ്റേഷൻ റോഡിൽ നിർത്തി ഇട്ടിരിക്കുന്നതുമൂലം ഗതാഗത തടസ്സം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാഹനങ്ങൾ റോഡിൽ നിന്നും മാറ്റുവാൻ നടപടി സ്വീകരിക്കുന്നതാണ്.

തൈക്കാട് പഞ്ചായത്തിലെ പ്രദേശങ്ങൾ ഒരു പോലീസ് സ്റ്റേഷന്റെ പരിധിയിലാക്കുന്നതിന് നടപടി

34 (5943) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തൈക്കാട് പഞ്ചായത്തിലെ പ്രദേശങ്ങൾ ഗുരുവായൂർ, ചാവക്കാട് എന്നീ രണ്ടു പോലീസ് സ്റ്റേഷനുകളുടെ പരിധിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പഞ്ചായത്ത് ഗുരുവായൂർ മുനിസിപ്പാലിറ്റിയോട് ചേർത്തതിനാൽ പ്രദേശം പൂർണ്ണമായും ഒരു പോലീസ് സ്റ്റേഷന്റെ പരിധിയിലാക്കുന്നത് അഭികാമ്യമാകുമെന്ന കാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

കാസർഗോഡ് ട്രാഫിക് പോലീസ് സ്റ്റേഷനെ പൂർണ്ണാധികാരമുള്ള പോലീസ് സ്റ്റേഷനാക്കാൻ നടപടി

35 (5944) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ട്രാഫിക് പോലീസ് സ്റ്റേഷൻ എന്നാണ് നിലവിൽ വന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനിൽ എസ്.ഐ ഉൾപ്പെടെ എത്ര ജീവനക്കാർ ഉണ്ടെന്നും എത്ര വാഹനങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പോലീസ് സ്റ്റേഷനെ പൂർണ്ണാധികാരമുള്ള പോലീസ് സ്റ്റേഷനായി മാറ്റിയിട്ടില്ലെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്നത്തേക്ക് ട്രാഫിക് പോലീസ് സ്റ്റേഷനെ പൂർണ്ണ അധികാരമുള്ള പോലീസ് സ്റ്റേഷനായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ട്രാഫിക് പോലീസ് സ്റ്റേഷൻ നിലവിൽ ഇല്ല. എന്നാൽ 27-04-1988-ലെ ജി.ഒ. (എം.എസ്.) 53/88/ഹോം പ്രകാരം 15-08-1988-ൽ കാസർഗോഡ് ഒരു ട്രാഫിക് യൂണിറ്റ് നിലവിൽ വന്നു.

(ബി) പ്രസ്തുത ട്രാഫിക് യൂണിറ്റിലെ ജീവനക്കാർ

എസ്.ഐ.-2, എച്ച്.സി.-15, പി.സി.-16.

വാഹനങ്ങൾ

ജീപ്പ്-1, മോട്ടോർ സൈക്കിൾ-2

(സി) ഉണ്ട്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

പയ്യോളി ഗ്രാമപഞ്ചായത്തിനുവേണ്ടി വാങ്ങിയ കെട്ടിടത്തിൽ നടത്തിയ അതിക്രമം

36 (5946) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യോളി ഗ്രാമപഞ്ചായത്തിനുവേണ്ടി വാങ്ങിയ കെട്ടിടത്തിന്റെ പൂട്ടുതകർത്ത് അതിക്രമിച്ച് കയറിയതുമായി ബന്ധപ്പെട്ട് ആർക്കെതിരെയെങ്കിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും, പയ്യോളി പോലീസിന് പരാതി ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ പോലീസ് കേസെടുത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ, ഏത് വകുപ്പനുസരിച്ചാണ് പ്രസ്തുത കേസ് എടുത്തതെന്നും ഇതിന്റെ തുടർ നടപടികൾ എന്തായി എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിരുന്നു.

(ബി) കേസ്സെടുത്തിട്ടുണ്ട്. പയ്യോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാതിപ്രകാരം പയ്യോളി പോലീസ് സ്റ്റേഷനിൽ ക്രൈം 260/08 u/s 448 IPC Sec 3 (1) (2) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും പ്രതി ഖാലിദ് 49/2008 S/o മമു, മള്ളിൽവീട്, പള്ളിക്കര അംശം എന്നയാളുടെ പേരിൽ 04-7-2010-ന് ബഹു. പയ്യോളി JFCM കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly